# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1250 — 1.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മത്സ്യം, ഇറച്ചി എന്നിവയുടെ വില വർദ്ധനവ്

ചോദ്യം — ഉത്തരം

| | ശ്രീ.ബാബു എം. പാലിശ്ശേരി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സാധാരണക്കാർക്ക് അപ്രാപ്യമായ വിധത്തിൽ, കടൽമത്സ്യങ്ങളുടെയും കോഴി ഇറച്ചി ഉൾപ്പെടെയുള്ള ഇറച്ചികളുടെയും വില ദിനംപ്രതി വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കടൽ മത്സ്യങ്ങളുടെ വിലവർദ്ധിക്കുന്നതും കോഴി ഇറച്ചി ഉൾപ്പെടെയുള്ള ഇറച്ചികളുടെ ആഴ്ച്ച വിലയിൽ വർദ്ധനവ് ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ട്രോളിംഗ് നിരോധനത്തിനു മുമ്പു തന്നെ മത്തി, അയല തുടങ്ങിയ ചെറുമത്സ്യങ്ങളുടെ വിലപോലും കുത്തനെ ഉയർന്നത് എന്തു കൊണ്ടാണ് എന്ന് പരിശോധി ച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (ബി) | ഉണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ ഇന്ധനങ്ങളായ മണ്ണെണ്ണ, ഡീസൽ എന്നിവയുടെ വിലയിൽ വന്നിട്ടുള്ള വർദ്ധനവിന് ആനുപാതിക മായിട്ടാണ് മത്സ്യവിലയിലും വർദ്ധന വുണ്ടായിട്ടുള്ളത്. |
| (സി) | മത്സ്യം, ഇറച്ചി എന്നിവയുടെ വില അനിയന്ത്രിതമായി ഉയരുന്നതു തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | (സി) | ഫിഷറീസ് വകുപ്പ് തലത്തിൽ മത്സ്യത്തിന്റെ വില നിയന്ത്രണത്തിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളാണ് വിപണന മേഖലയിൽ പ്രവർത്തിക്കുന്നത്. കേരള ത്തിലെ ഇറച്ചിക്കോഴികളുടെ ഉല്പാദനം, വിപണനം എന്നിവ യഥാർത്ഥത്തിൽ നിയന്ത്രിക്കുന്നത് അന്യസംസ്ഥാനങ്ങ ളിലെ വൻകിട ഉല്പാദകരാണ്. ഇടയ്ക്കിടയ്ക്ക് ഉല്പാദനം കുറയ്ക്കുകയും, വിപണനം നിയന്ത്രിക്കുകയും ചെയ്ത് അവർ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് കോഴിയിറച്ചിയുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു. ഈ |

| | | | |
|---|---|---|---|
| | | | പഴുതിലൂടെ അന്യസംസ്ഥാന കച്ചവട ലോബി ഇറച്ചിക്കോഴിയുടെ വില അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നു. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഏകദേശം നൽപ്പത്തഞ്ചോളം സംയോജിത ഇറച്ചി ക്കോഴി ഫാമുകളിൽ വളർത്തിയെടുക്കുന്ന കോഴികളെ സ്വന്തം മാംസസംസ്കരണ കേന്ദ്രത്തിൽ ശാസ്ത്രീയമായി സംസ്കരിച്ച് ഇറച്ചിയാക്കി കെപ്കോ ഏജൻസികൾ വഴിയും സ്വന്തം വിൽപന കേന്ദ്രം വഴിയും മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനു പുറമേ കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ വ്യാപിപ്പിക്കുന്നതിനു വേണ്ടി ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ വിപണി വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിനു വേണ്ടി ഈ കോർപ്പറേഷന്റെ കീഴിലുള്ള ഹാച്ചറികളുടെ ശേഷി വർദ്ധിപ്പിക്കാനും അതു വഴി ഒരു കോടി ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ അധികമായി ഉല്പാദിപ്പി ക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. എം.പി.ഐ വിവിധതരം മാംസോൽപ്പന്ന ങ്ങളുടെ വില കുറച്ചുകൊണ്ട് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ